പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3377 — 10/12/2018 ൽ മറുപടിക്ക്

## എടച്ചേരി വില്ലേജിലെ റീ സർവേ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എടച്ചേരി വില്ലേജിലെ എടച്ചേരി,വേങ്ങോളി പ്രദേശങ്ങളിൽ റീ സർവേ പൂർത്തികരിച്ചിട്ടും പൊതുജനങ്ങൾക്ക് അവരുടെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും ഭൂമികൈമാറ്റത്തിനും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വെ 26-06-2018 ന് പൂർത്തീകരിച്ചെങ്കിലും ഡാറ്റാ റീലീസ് വെബ്സൈറ്റിൽ എന്റർ ചെയ്ത് ലഭ്യമാക്കാത്തതിനാൽ പ്രയാസം നേരിട്ടിട്ടുണ്ട്. എല്ലാ കക്ഷികൾക്കും 11-07-2018 മുതൽ ഓൺലൈൻ അല്ലാതെ തന്നെ നികുതി രസീത് നൽകിയിട്ടുണ്ട്. ഇപ്പോൾ ഓൺലൈൻ ആയി നികുതി സ്വീകരിച്ചുവരുന്നുണ്ട് |
| (ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) എടച്ചേരി വില്ലേജിൽ റീസർവ്വെ പൂർത്തിയാക്കിയ എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വെ ഡാറ്റാ 30-10-2018 ന് ഓൺലൈൻ സംവിധാനത്തിൽ പൂർണ്ണമായി ഉൾപ്പെടുത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. 30-10-2018 മുതൽ ഓൺലൈൻ നികുതിയും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തണ്ടപ്പേർ സർട്ടിഫിക്കറ്റും അനുവദിക്കുന്നുണ്ട്. |
| (സി) ഈ പ്രദേശങ്ങളിലെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും തണ്ടപ്പേർ ലഭിക്കാനും എത്ര അപേക്ഷകൾ നിലവിലുണ്ട്;വ്യക്തമാക്കാമോ; | (സി) ഓൺലൈൻ ആയി ഭൂനികുതി അടയ്ക്കുന്നതിനും, കൈവശ രേഖ ലഭിക്കുന്നതിനും തണ്ടപ്പേർ ലഭിക്കുന്നതിനും ഇപ്പോൾ തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഭൂനികുതി അടയ്ക്കുന്നതിന് സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട 799 അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന്മേൽ തീരുമാനം ഉണ്ടായിട്ടുണ്ട്;വെളിപ്പെടുത്തുമോ? | (ഡി) സർവ്വെ അദാലത്തുമായി ബന്ധപ്പെട്ട 32 അപേക്ഷകളിൽ തീർപ്പായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ